**D 92905** (Pages : 3) Name.....................................

Reg. No.....................................

## THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2020

(CBCSS–UG)

Malayalam

MAL 3A 09—MALAYALA SAHITHYAM – 3

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 'ഗണേശ് പോയന്റി'ന് ആ പേരു വരാനുള്ള കാരണമെന്ത് ?

2 'കല്ല് ദേവിയായിക്കഴിഞ്ഞു. അപ്പോൾ ആശാരി തീണ്ടാപ്പാടകലെ'—സൂചിതമെന്ത് ?

3 'കലക്കവെള്ളം, തെളി വെള്ളം രണ്ടും കടൽ ഏല്ക്കുന്നു. ഇരുട്ടിന്റെ തെറ്റ് പ്രഭാതം തിരുത്തുന്നു. തെറ്റും ശരിയും മനസ്സിലാണ്'—സന്ദർഭം വ്യക്തമാക്കുക.

4 'വേണ്ടെന്നാണ് പറഞ്ഞത്. ഈ നീതിസാരം കൊണ്ട് കൊല്ലാതിരിക്ക്. നിർത്ത്'—സന്ദർഭം ഏത് ?

5 ദുഷിച്ച വിധേയത്വത്തിന്റെ ലക്ഷണമായി അടൂർ ഗോപാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നത് ഏത് പ്രവണതയാണ് ?

6 'നമ്മുടെ കാലത്തിലേക്ക് നീണ്ടു വന്നെത്തുന്ന പഴയൊരു ജീവിതകഥയുടെ പുനരാവിഷ്കാരമാണിത്' എൻ. പ്രഭാകരന്റെ ഈ പ്രസ്താവന സൂചിപ്പിക്കുന്നതെന്തിനെക്കുറിച്ചാണ് ?

7 'സ്വന്തം കണക്കു കൂട്ടിയപ്പോൾ തെറ്റി. അന്ന് നിർത്തി. അങ്ങിനെയുള്ളവൻ മറ്റുള്ളവരുടെ ഭാവി പറയരുത്'–വിവക്ഷിതമെന്ത് ?

8 'ധനത്തിലുള്ള മോഹം മാറ്റാതെ വന്നാൽ മോഹം മാറ്റാതെ വന്നാൽ യോഗം പഠിക്കാൻ സാധ്യമല്ല. ധനത്തിലുള്ള മോഹം ധനം കൊണ്ടേ മാറുകയുള്ളൂ'—വക്താവാര് ? സന്ദർഭം വ്യക്തമാക്കുക.

9 ഈ ജീവിത സമീപനത്തിന്റെ സൗന്ദര്യപരമായ ആവിഷ്കാരങ്ങളാണ് വേദേതിഹാസങ്ങൾ മുതലിങ്ങോട്ടുള്ള എല്ലാ രചനകളും–വിവക്ഷിതമെഴുതുക.

11 'എന്നെ ചൂഴ്ന്നു നില്ക്കുന്ന അന്ധതയുടെ കനത്ത മതിലുകൾ പിഴുതെറിയാൻ ഞാൻ തീർച്ചപ്പെടുത്തി'. ആരുടേതാണ് ഈ തീരുമാനം ? സൂചിതമെന്ത് ?

12 പാശ്ചാത്യരുടെ നാടക സങ്കല്പത്തിൽ വന്ന മാറ്റങ്ങൾ എന്തെല്ലാം ?

13 റോസി തോമസ് സി.ജെയ്ക്ക് അയച്ച ആദ്യ കത്തിന്റെ പ്രത്യേകത എന്താണ് ?

14 അവതാരങ്ങളുടെ ആവിർഭാവത്തെക്കുറിച്ചുള്ള സ്വാമിജിയുടെ അഭിപ്രായമെന്താണ് ?

15 'തിടപ്പള്ളിയിൽ വീണ്ടും തീയെറിഞ്ഞു ബഹുരസം ! ആളിപ്പടരുന്ന തീ നാളത്തിന്റെ ചൂടും ചൈതന്യവും എന്നിലുദിക്കുന്ന വ്യാമോഹങ്ങളെ പാകപ്പെടുത്തുവാൻ ഉപകരിച്ചു'. സൂചിതമെന്ത് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 കേദാർനാഥിനെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കിയെഴുതുക.

17 ആത്മകഥാസാഹിത്യം എന്നാലെന്ത് ? മലയാളത്തിലെ ആത്മകഥാ രചനകളെ സാമാന്യമായി പരിചയപ്പെടുത്തുക.

18 രാമാദാശ്രമത്തിന്റെ സവിശേഷത വിവരിക്കുക.

19 ശില്പി, സുഹൃത്ത്, പിതാവ് എന്നീ നിലകളിലുള്ള പെരുന്തച്ചന്റെ ആത്മസംഘർഷങ്ങളുടെ ചലച്ചിത്രാവിഷ്കാരമാണ് പെരുന്തച്ചൻ—സമർത്ഥിക്കുക.

20 മകനെത്തേടി കക്കയം പോലീസ് ക്യാമ്പിലെത്തിയ ഈച്ചരവാര്യർക്കുണ്ടായ അനുഭവങ്ങൾ വിവരിക്കുക.

21 മലയാള നാടക രംഗത്ത് പി.എം. താജിന്റെ സംഭാവനകൾ വിലയിരുത്തുക.

22 'തെറ്റുപറ്റില്ല. നിയമങ്ങൾ തെറ്റാതെ പാലിക്കുന്നതു കൊണ്ട് . . . തച്ചനു തെറ്റു പറ്റില്ല '—വിവക്ഷിതമെന്ത് ?

23 'അപസ്വരം നെയ്ത ശ്രുതി. താളം തെറ്റിയ പാട്ട്. തനിക്കു താളം തെറ്റി. ആദിതാളം തെറ്റിയ പാട്ട്. അതാണ് നീ '— ഈ വാക്യം കവിയുടെ സ്വഭാവ സവിശേഷതകളിലേക്കുള്ള സൂചനകളാവുന്നതെങ്ങിനെ ?

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

24 തനത് നാടക സങ്കേതങ്ങളെക്കുറിച്ച് വിവരിക്കുക. മലയാളത്തിലെ തനത് നാടകങ്ങളുടെ ആരംഭവും വികാസവും ചർച്ച ചെയ്യുക.

25 കാഴ്ചകളുടെയും അനുഭവങ്ങളുടെയും സമഗ്രവും സത്യസന്ധവുമായ അവതരണമാണ് മറ്റു സഞ്ചാര സാഹിത്യ രചനകളിൽ നിന്നും 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന രചനയെ വ്യത്യസ്തമാക്കുന്നത് സ്വാഭിപ്രായം രേഖപ്പെടുത്തുക.

26 ഓരോ മനുഷ്യനിലും ഓരോ നടനുണ്ട് എന്ന ആശയത്തിന്റെ രംഗഭാഷയാണ് ഭരതവാക്യം എന്ന നാടകം —വിലയിരുത്തുക.

27 തിരക്കഥാ സാഹിത്യം എന്നാലെന്ത് ? തിരക്കഥാരചനകളുടെ തത്വങ്ങൾ വിശദീകരിക്കുക.

(2 × 10 = 20 marks)